**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1725** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യമേഖല ശക്തിപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന്റെ സാമ്പത്തിക ഭാവിക്ക് ഉൾനാടൻ മത്സ്യമേഖല നൽകുന്ന ഉത്തേജനം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിലൂടെ മത്സ്യോല്പാദനം വർദ്ധിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും അതുവഴി കർഷകരുടെ സാമ്പത്തിക ഉന്നമനം സാധ്യമാകുന്നതുമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 73.3973 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട്ട കൃഷി, കുളങ്ങളിലെ ഓരുജലകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ മത്സ്യ കൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായി. ആയത് പ്രകാരം പദ്ധതി പ്രവർത്തനം പുരോഗമിച്ച് വരുന്നു. നടപ്പ് സാമ്പത്തിക വർഷം പി.എം. എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 35.24 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി |

| | | | |
|---|---|---|---|
| | | | പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും ടി ജലാശയങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും വേണ്ടി നടപ്പ് സാമ്പത്തിക വർഷം 463 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ ജലസംഭരണികളിൽ നിന്നുള്ള മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുക വഴി ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിക്കുകയും ഉൾനാടൻ മത്സ്യമേഖല കേരളത്തിന്റെ സാമ്പത്തിക ഭാവിക്ക് ഒരു ഉത്തേജനമായി തീരുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യതക്കുറവ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നമായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | നല്ലയിനം മത്സ്യവിത്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും നിലവിലുള്ള ഹാച്ചറികൾ, നഴ്സറികൾ, ഫിഷ്ഫാമുകൾ എന്നിവ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (സി) | ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ മത്സ്യ കർഷകർക്ക് ലഭ്യമാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യ വിത്തുകൾ ഉൽപ്പാദിച്ച് വിതരണം ചെയ്തു വരുന്നു. ഗുണമേന്മയുള്ള മത്സ്യവിത്ത് ഉൽപ്പാദനത്തിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലനോട് എന്നീ ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും അതുവഴി ഉൽപ്പാദന ശേഷി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഗുണമേന്മയുള്ള കല്ലുമ്മക്കായുടെയും സമുദ്ര മത്സ്യങ്ങളുടെയും വിത്തുല്പാദനത്തിനായി 50 ലക്ഷം ഉൽപ്പാദന ശേഷിയുള്ള വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതിയും ആലപ്പുഴ ജില്ലയിൽ ശുദ്ധജല ആറ്റുകൊഞ്ചിന്റെ ഗുണമേന്മയുള്ള വിത്തുൽപ്പാദനം ലക്ഷ്യമിട്ട് 50 ലക്ഷം ശേഷിയുള്ള ഹാച്ചറി സ്ഥാപിക്കുന്നതിന് 176.20 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കോഴിക്കോട് ജില്ലയിലെ കല്ലനോട് ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനും ഇടുക്കി ജില്ലയിലെ ചെങ്കുളത്ത് ഒരു കാർപ്പ് മത്സ്യവിത്ത് ഹാച്ചറി സ്ഥാപിക്കുന്നതിനും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ മത്സ്യവിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും മത്സ്യരോഗ നിയന്ത്രണത്തിനും നിരോധിത ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും സംസ്ഥാനത്ത് ആദ്യമായി അക്വാട്ടിക്ക് അനിമൽ ഹെൽത്ത് സെന്ററുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി മത്സ്യവിത്ത് നിയമം നടപ്പാക്കുകയും മത്സ്യ വിത്ത് കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ